**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ . 1000

28.04.2017-ൽ
മറുപടിക്ക്

**നികത്തിയ സ്ഥലങ്ങളിൽ വീട് വെക്കാനുള്ള അനുവാദം**

**ചോദ്യം**

**ശ്രീ.എ. എൻ. ഷംസീർ**

(എ) നിലവിലുള്ള സർക്കാർ സർക്കുലർ പ്രകാരം 2008 ന് മുമ്പ് നികത്തിയതും ഡാറ്റാ ബാങ്കിൽ പെടാത്തതുമായ സ്ഥലങ്ങളിൽ വീട് വെക്കാനുള്ള അനുവാദമാണ് , നൽകിയിട്ടുള്ളത് എന്നിരിക്കെ 2008-ന് മുമ്പ് നികത്തപ്പെട്ടതും സ്വന്തമായി വീട് വെക്കാൻ ഭൂമി ഇല്ലാത്തതും, ആകെയുള്ള ഭൂമി ഡാറ്റാബാങ്കിൽ പെട്ടതുമായ ഗ്രാമീണ ജനതയ്ക്ക് അതതു സ്ഥലത്തെ വില്ലേജ് ഓഫീസർ, കൃഷിഓഫീസർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ അന്വേഷണത്തിൽ അർഹത തെളിഞ്ഞാൽ വീട് വയ്ക്കാനുള്ള ആനുകൂല്യം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ? എങ്കിൽ വിശദാംശം നൽകുമോ ?

**ഉത്തരം**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ലെ വ്യവസ്ഥകൾ പ്രകാരം 12.08.2008-ൽ നെൽകൃഷി ചെയ്യുന്നതോ നെൽകൃഷിക്കനുയോജ്യമായതോ ആയ നെൽ വയലിന്റെയും, തണ്ണീർത്തടത്തിന്റെയും വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടാണ് ഡാറ്റാബാങ്ക് തയ്യാറാക്കേണ്ടത്. ഇപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ 2008-ന് മുമ്പ് നികത്തപ്പെട്ട ഭൂമി ഉൾപ്പെട്ടു വരികയോ, മറ്റു തെറ്റുകൾ കടന്നു കൂടുകയോ ചെയ്തിട്ടുണ്ടെങ്കിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം 4(2) (ബി) പ്രകാരം കരട് ഡാറ്റാ ബാങ്കിൽ പ്രാദേശികതല സമിതിയ്ക്ക് ആവശ്യമെങ്കിൽ യുക്തമായ തിരുത്തലുകൾ വരുത്താവുന്നതാണ്. എന്നാൽ ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനു ശേഷം ശ്രദ്ധയിൽ പ്പെടുന്ന തെറ്റുകൾ തിരുത്താൻ നിലവിൽ വ്യവസ്ഥകൾ ഇല്ലാത്തതാണ്.

ഡാറ്റാ ബാങ്കിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള അപ്പീൽ വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. കൂടാതെ 2008-നു മുമ്പ് നികത്തിയ ഭൂമിയിൻമേൽ 1967-ലെ ഭൂവിനിയോഗ ഉത്തരവു പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**